**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2980** **22.02.2016 ൽ മറുപടിയ്ക്ക്**

# കാർഷിക ഉൽപന്നങ്ങളുടെ താങ്ങുവില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി. വിജയദാസ് : | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം കാർഷിക ഉൽപന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ; | (എ) 2015-16-ൽ റബ്ബർ വിലയിടിവിനു പരിഹാരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിൽ കിലോക്ക് 150 രൂപ നിരക്കിൽ റബ്ബറിന് താങ്ങുവില കണക്കാക്കി കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. നെല്ലിന്റെ താങ്ങുവില 2015-16 സീസണിൽ കിലോയ്ക്ക് 14.10 രൂപ നിരക്കിൽ കേന്ദ്രസർക്കാർ ഉയർത്തിയിട്ടുണ്ട്. കൊപ്രയുടെ താങ്ങുവില 2016 സീസണിൽ വർദ്ധിപ്പിച്ചുകൊണ്ട് മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5950 രൂപയും ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് 6240 രൂപയുമാക്കുന്നതിനുള്ള നടപടികൾ കേന്ദ്രസർക്കാർ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ നിശ്ചിത നിരക്കിൽ തെരഞ്ഞെടുത്ത കൃഷിഭവനുകളിലൂടെ നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി പച്ചനാളികേര സംഭരണ പദ്ധതിയും, നെല്ലിന് ന്യായവില ലഭിക്കുന്നതിന് നെല്ലുസംഭരണ പദ്ധതിയും നടപ്പിലാക്കി.<br><br>07.11.15 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ.(എം.എസ്) നം.34/2015/ഭ.സി.സ.വ പ്രകാരം സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് 19 രൂപയിൽ നിന്നും 21.50 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന കൃഷി വകുപ്പും കേരഫെഡും സംയുക്തമായി നടപ്പിലാക്കുന്ന പച്ചനാളികേര സംഭരണ പദ്ധതിയിൽ ഇപ്പോൾ കിലോയ്ക്ക് 25 രൂപ നിരക്കിലാണ് കർഷകരിൽ നിന്നും നാളികേരം സംഭരിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | റബ്ബറിന് താങ്ങുവില നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എത്ര തുക നൽകുവാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ? | (ബി) | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിൽ കിലോക്ക് 150 രൂപ നിരക്കിൽ റബ്ബറിന് താങ്ങുവില കണക്കാക്കി കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നു. |

Reene

**സെക്ഷൻ ഓഫീസർ**